K23U 4115

Reg. No.: ...............................

Name : ...................................

NAVAJYOTHI COLLEGE KANNUR DT. 670511 POST BAG No. 5, CHERUPUZHA

# I Semester B.S.W./B.C.A./B.Sc.LRP/B.M.M.C. Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2023 (2019 Admission Onwards)

# I Semester Integrated M.Sc. Degree (Reg./Supple./Imp.) Examination, October 2023 (2020 Admission Onwards)

## ADDITIONAL COMMON COURSE IN MALAYALAM

## 1A07 – 2MAL : സാഹിത്യ ഗണങ്ങൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ഓർമ്മകളുടെ ധൂമവസന്തം പരത്തുന്നവയാണ് ഒ. എൻ. വി. കുറുപ്പിന്റെ കവിതകൾ. ചോറൂണ് എന്ന കവിത മുൻനിർത്തി വിശദീകരിക്കുക.

2) ഇവനെക്കൂടി – വൈലോപ്പിള്ളിയ്ക്കുള്ള സമർപ്പണമാണ് – സമർത്ഥിക്കുക.

3) വിശപ്പിന്റെ രാഷ്ട്രീയത്തിനപ്പുറമുള്ള ഭക്ഷണത്തിന്റെ രാഷ്ട്രീയയമാണ് വിനു അബ്രഹാമിന്റെ ഒരു സ്വാദു നോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ എന്ന നോവൽ – വിലയിരുത്തുക.

4) അനിർവചനീയമായ വിധത്തിലുള്ള സ്നേഹസങ്കല്പമാണ് ജി. ശങ്കരക്കുറുപ്പിന്റെ സൂര്യകാന്തിയിൽ – വിലയിരുത്തുക. **(2×7=14)**

II. **ഓരോന്നും 150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) പാരമ്പര്യ നാട്ടുനടപ്പു രീതികളിൽ നിന്നു ലോപയുടെ സ്ത്രീ കഥാപാത്രങ്ങൾ വേറിട്ട് നിൽക്കുന്നതെങ്ങിനെയാണ് ?

6) മറ്റൊരു വിധമായിരുന്നെങ്കിൽ – എന്ന ലേഖനത്തിൽ കൽപ്പറ്റ നാരായണൻ മുന്നോട്ടു വെക്കുന്ന നിരീക്ഷണങ്ങൾ എന്തൊക്കെ ?

7) ''ആ വിശുദ്ധമാം മുഗ്ദ്ധപുഷ്പത്തെക്കണ്ടില്ലെങ്കിൽ!
ആ വിധം പരസ്പരം സ്നേഹിയ്ക്കാതിരുന്നെങ്കിൽ!'' സൂചിതമെന്ത് ?

8) ബഷീറിന്റെ ജീവിതവും ദർശനവും ഏത് വിധത്തിലാണ് സർഗാത്മക രചനകളിൽ പ്രകടമാകുന്നത് ? ബഷീർ-സന്യാസം, വിപ്ലവം-ജീവിതം-മുൻനിർത്തി വിലയിരുത്തുക.

9) എൻ. ശശിധരന്റെ ഹിംസാടനം എന്ന നാടകത്തിന്റെ പ്രമേയ തലത്തിലുള്ള സവിശേഷതകൾ അടയാളപ്പെടുത്തുക.

10) വിധേയത്വത്തിന്റെ സൂക്ഷ്മ രാഷ്ട്രീയം പൊന്തന്മാടയിൽ പ്രകടമാകുന്നത് ഏതു വിധത്തിലാണ് ? **(4×3=12)**

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ചുണ്ടും പിളുത്തിച്ചുരുളന്മുടിയുമായ്
മുണ്ടകപ്പാടങ്ങള് കാത്തുകിടക്കയാം – സന്ദർഭം വിശദമാക്കുക.

12) ഉണ്ണീ മറയ്ക്കായ്ക പക്ഷേ,
ഒരമ്മതൻ നെഞ്ചില് നിന്നുണ്ട മധുരമൊരിയ്ക്കലും - സൂചിതം വിവരിക്കുക.

13) ഇവനെക്കൂടി എന്ന കവിതയിൽ പരാമർശിക്കുന്ന ഏതെങ്കിലും മൂന്ന് വൈലോപ്പിള്ളി കവിതകൾ ഏതൊക്കെ ?

14) പരനിന്ദ വീശുന്ന വാളിനാൽ ചൂളിപ്പോകാ
പരകോടിയിൽ ചെന്ന പാവനദിവ്യസ്നേഹം – ആശയമെന്ത് ?

15) പച്ചക്കു കത്തുമെന്നു പണ്ടേ കാട്ടിയോൾ – സൂചിതമെന്ത് ?

16) "ആരു നീയനുജത്തീ? നിർന്നിമേഷയായെന്തെൻ
തേരുപോകവെ നേരെ നോക്കി നില്ക്കുന്നു ദൂരേ? – സന്ദർഭം എന്ത് ? **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ജ്ഞാനപീഠം

18) പൊന്നാനികളരി

19) കറുത്തചെട്ടിച്ചികൾ

20) ടി. വി. ചന്ദ്രൻ

21) ബഷീർ ദി മാൻ

22) എൻ. ശശിധരൻ. **(4×1½=6)**

---

K22U 3485

Reg. No. : ..............................

Name : ..................................

**I Semester Integrated M.Sc. Degree (Reg./Supple./Imp.) Examination, October 2022**
**(2020 Admission Onwards)**
**I Semester B.S.W./B.C.A./B.Sc. LRP/B.M.M.C. Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2022**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-2MAL : സാഹിത്യ ഗണങ്ങൾ**

Time : 3 Hours Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2 എണ്ണത്തിന് 300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) പ്രകൃതിപ്രതിഭാസങ്ങളുടെയും മനുഷ്യജീവിതമുഹൂർത്തങ്ങളുടെയും അപൂർവ്വസമന്വയമാണ് 'സൂര്യകാന്തി'. നിരൂപണം തയ്യാറാക്കുക.

2) മാതൃവാത്സല്യത്തിന്റെ മധുരോദാരതയോട് കവിക്കുള്ള ആദരവ് 'ചോറൂണി'ൽ തെളിഞ്ഞു കാണാം. ചർച്ച ചെയ്യുക.

3) വീട്ടകങ്ങളിലും പുറത്തും വ്യാപിക്കുന്ന ഹിംസാത്മകതയുടെ ഭീതിദചിത്രങ്ങളാണ് 'ഹിംസാടനം' വെളിപ്പെടുത്തുന്നത്. – വിശകലനം ചെയ്യുക.

4) കേരളീയ സമൂഹത്തിലെ കൂട്ടായ്മയുടെയും പങ്കുവെപ്പിന്റെയും ഇടങ്ങൾ വർത്തമാനകാലത്ത് മങ്ങിപ്പോകുന്നുണ്ട്. 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' എന്ന കൃതിയെ മുൻനിർത്തി പര്യാലോചിക്കുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന് 150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഃഖം
സ്നേഹം മേ ദിക്കാലാതിവർത്തിയായ് ജ്വലിച്ചാവൂ' – സൂചിതം വിവരിക്കുക.

6) 'ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'– സൂചിതം വ്യക്തമാക്കുക.

P.T.O.

7) 'പാരുഷ്യം പെരുകുന്നു
വാക്കിലും മനസ്സിലും
മാതുലാ പൊറുത്താലും
തീർന്നു മാമ്പഴക്കാലം' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) വർത്തമാനകാല സ്ത്രീജീവിതയാഥാർഥ്യങ്ങൾ 'വൈക്കോൽപ്പാവ' എന്ന കവിത പ്രതിഫലിപ്പിക്കുന്നുണ്ടോ ? – സ്വാഭിപ്രായം വ്യക്തമാക്കുക.

9) ചുള്ളിക്കാടിന്റെയും വൈലോപ്പിള്ളിയുടെയും കാവ്യസങ്കല്പത്തെ താരതമ്യം ചെയ്തു കൊണ്ടുള്ള കല്പറ്റ നാരായണന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

10) ബഷീറിൽ സൂഫിസം ചെലുത്തിയ സ്വാധീനം കൃതികളിൽ പ്രകടമാകുന്നതെങ്ങനെ ? **(4×3=12)**

III. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന് 100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'ഉണ്ണീ, മറക്കായ്ക പക്ഷേ, യൊരമ്മതൻ
നെഞ്ഞിൽ നിന്നുണ്ട മധുരമൊരിക്കലും' – സൂചിതം വിശദീകരിക്കുക.

12) 'മിന്നിൻ കതിർകെട്ടി കറ്റയാക്കുമ്പോഴേ
കടമണ്ണ് വെട്ടിമാറ്റിയതാണ് ...' – സൂചിതം വ്യക്തമാക്കുക.

13) 'അനിതേച്ചീനെ കൊള്ളാഞ്ഞിട്ടാ.' – പ്രശാന്തൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

14) പങ്കുകശാപ്പ് എന്ന ആശയത്തിലേക്ക് കൊച്ചുമ്മച്ചനെ നയിച്ച സ്വപ്നം വിവരിക്കുക.

15) കാർത്തു എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16) 'പുരങ്ങൾ നിന്നിൽ വിഷം തുപ്പുന്നു...' – സൂചിതം വിവരിക്കുക. **(4×2=8)**

IV. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'മുണ്ടകപ്പാടങ്ങൾ കാത്തു കിടക്കയാം' – ആരെ ? എന്തിന് ?

18) 'ഈ മണൽത്തീരത്ത് നിശ്വാസപുഷ്പങ്ങൾ തൂകി നാം' – നിളാതീരത്തു കൂടിയുള്ള യാത്രാമധ്യേ കവിയുടെ ഓർമയിലെത്തിയ ചരിത്രസംഭവമേത് ?

19) 'പൂതത്തെ മുലപ്പാലാൽ വെന്നു' – സൂചിതമായ കവിയും കവിതയും ഏത് ?

20) 'പ്രണയാകുലൻ നാഥനിങ്ങനെ വിഷാദിക്കാം' വിശദമാക്കുക.

21) 'പഴയ രുചികളുടെ ഓർമകളില്ലാതായാ പിന്നെ പ്രശ്നമൊന്നുമില്ലല്ലോ.'
– ഇങ്ങനെ അഭിപ്രായപ്പെടുന്നതാര് ? സന്ദർഭമേത് ?

22) പൊന്തൻമാട – കുറിപ്പ് തയ്യാറാക്കുക. **(4×1½=6)**

K21U 6773

Reg. No. : ...............................

Name : ...................................

KANNUR DT. 670511 ... No: 5, CHERUPUZHA

**I Semester B.S.W./B.C.A./B.Sc. LRP/B.M.M.C. Degree (C.B.C.S.S. – O.B.E.- Regular/Supplementary/Improvement) Examination, November 2021**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A 07-2MAL : സാഹിത്യഗണങ്ങൾ**

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) ചോറൂണ് എന്ന കവിതയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

2) 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന നോവലിനെ മുൻനിർത്തി ഭക്ഷണത്തിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുക.

3) കേവലമൊരു വിനോദോപാധി എന്നതിലുപരി വിധേയത്ത്വത്തിന്റെ രാഷ്ട്രീയം സൂക്ഷ്മമായവതരിപ്പിക്കുന്ന സിനിമയാണ് 'പൊന്തൻമാട'. വിമർശനദൃഷ്ട്യാ പരിശോധിക്കുക.

4) യാത്രകളും ഇസ്ലാം മതദർശനവും സ്വാതന്ത്ര്യസമരവും ബഷീർകൃതി കളിൽ നടത്തിയ സ്വാധീനം 'ബഷീർ – സന്യാസം, വിപ്ലവം, ജീവിതം' എന്ന ലേഖനത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) കണ്ണേറുതട്ടാതിരിക്കാൻ വയലിൽ കുത്തിനിർത്തുന്ന വൈക്കോൽപ്പാവയാണ് സ്ത്രീ – ലോപയുടെ കവിതയെ മുൻനിർത്തി ഈ നിരീക്ഷണം ചർച്ച ചെയ്യുക.

6) നാളെ ഒരു പക്ഷേ വാളും കുന്തവുമായി ഞാനും പച്ചജീവനോടെ മനുഷ്യനെ ക്കൊല്ലാൻ പോയേക്കാമെന്ന് പ്രശാന്തൻ ചിന്തിക്കാനിടയായ സാഹചര്യം വിശദീകരിക്കുക.

P.T.O.

7) പങ്ക്കശാപ്പ് ജാതിമതാതീതമായ കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്ന ചടങ്ങായി മാറുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

8) സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ബഷീറിന്റെ അനുഭവങ്ങൾ ക്രോഡീകരിക്കുക.

9) പഴയരുചികളുടെ ഓർമകൾ ഒരാളുടെ വ്യക്തിത്വത്തിന്റെ അടയാളങ്ങളാണ്. 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന നോവലിലെ ഈ വാക്യത്തിന്റെ പ്രസക്തി വിവരിക്കുക.

10) തോൽവികളാണ് വൈലോപ്പിള്ളിക്ക് മോക്ഷങ്ങൾ എന്നു പറയാൻ കാരണമെന്ത് ?

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ''പരനിന്ദ വീശുന്ന വാളിനാൽ ചൂളിപ്പോകാ,
പരകോടിയിൽ ചെന്ന പാവനദിവ്യസ്നേഹം'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

12) ''തിരുമ്മിയടച്ചതു നീതിതൻ മിഴിയല്ലോ
തഴുതിട്ടതോ, സ്നേഹ –
നീലമാം കലവറ'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

13) 'പൊന്തൻമാട'യെന്ന സിനിമയിലെ മാടയുടെ ശരീരഭാഷയുടെ പ്രത്യേകത വിവരിക്കുക.

14) 'പ്രേമലേഖനം' എന്ന നോവൽ കേരളീയ സമൂഹത്തിലുണ്ടാക്കിയ വിവാദങ്ങൾ വിവരിക്കുക.

15) തോമാച്ചന്റെ വീട്ടിൽ ചെല്ലാൻ സമയം തെരഞ്ഞെടുത്തതിനെപ്പറ്റി കൊച്ചുമ്മച്ചൻ സ്വയം പഴിച്ചതെന്തുകൊണ്ട് ?

16) ഭക്ഷണവുമായി ബന്ധപ്പെട്ട സമകാലീന വിവാദങ്ങളുമായി ബന്ധിപ്പിച്ച് പങ്കുകശാപ്പിന്റെ പരാജയകാരണം വിശകലനം ചെയ്യുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറു കുറിപ്പുകൾ തയ്യാറാക്കുക.

**(4×1.5=6)**

17) കുറിപ്പെഴുതുക – കറുത്തചെട്ടിച്ചികൾ.

18) പൊറത്താരെയും എനിക്കു പേടിയില്ല – പിന്നെയാരെയാണ് അവൾ ഭയപ്പെടുന്നത് ? കാരണമെന്ത് ?

19) തന്റെ ബന്ധുക്കളുടെ ലോകം ഇത്രചെറുതായിപ്പോയല്ലോ എന്ന് കൊച്ചുമ്മച്ചൻ ചിന്തിക്കാൻ കാരണമെന്ത് ?

20) 'വിരുന്നുകാരൻ' എന്ന കവിതയിലെ ഇതിവൃത്തം എന്താണ് ?

21) ഉന്മാദാനുഭൂതിയെ ബഷീർ എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത് ?

22) ബഷീറിൽ ദേശീയബോധം ഉണർത്താൻ നിമിത്തമായ പാട്ടുകളേവ ?

---

01834481

K19U 3356

Reg. No. : ................................

Name : ....................................

# I Semester B.C.A./B.S.W./B.Sc./LRP Degree (CBCSS - (OBE) Regular) Examination, November - 2019
## (2019 Admission)
## ADDITIONAL COMMON COURSE IN MALAYALAM
## 1A07-2 MAL : സാഹിത്യഗണങ്ങൾ

സമയം : 3 മണിക്കൂർ

മാർക്ക് : 40

I. 4 ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. ജി. ശങ്കരക്കുറുപ്പിന്റെ കവിതകളുടെ പൊതുസവിശേഷതകൾ വിവരിച്ച് 'സൂര്യകാന്തി' എന്ന കവിതയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

2. 'പൊന്തൻമാട' എന്ന സിനിമയുടെ ദൃശ്യഭാഷാ സവിശേഷതകൾ വിവരിക്കുക.

3. 'ഒരു സ്വാദ് നോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന നോവലിന്റെ സമകാലീന പ്രസക്തി വിശദമാക്കുക.

4. ചുള്ളിക്കാടിന്റെ വാക്യതീക്ഷണതയുള്ള കവിതകളെക്കാൾ ധ്വനി സാന്ദ്രതയേറിയവയാണ് വൈലോപ്പിള്ളിക്കവിതകളെന്ന് കൽപ്പറ്റ നാരായണൻ സമർത്ഥിക്കുന്നതെങ്ങനെ?

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5. വൈലോപ്പിള്ളിയുടെ കാവ്യസപര്യക്കുള്ള പ്രണാമമാണ് 'ഇവനെക്കൂടി' എന്ന കവിത. സമർത്ഥിക്കുക.

6. 'ഹിംസാടനം' എന്ന നാടകത്തിലെ രാകേഷ് എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

7. ഉത്തരാധുനിക നോവലുകളുടെ സ്വഭാവം ചുരുക്കി വിവരിക്കുക.

8. പന്തിഭോജനം വിപ്ലവമായ കേരളത്തിൽ പങ്കുകശാപ്പ് പരാജയപ്പെടുന്നതിന് കാരണമായ ജാതിവിവേചനം നിലനിൽക്കുന്നത് നോവലിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

9. ആത്മപ്രശംസ ഇഷ്ടമല്ലാത്ത വൈലോപ്പിള്ളിയുടെ കാവ്യജീവിതം ബാഹുക ജന്മത്തിന്റെ മഹത്വമുള്ളതാണെന്ന് പറയുവാൻ കാരണമെന്ത്?

10. ബഷീറിലെ ആക്ടിവിസ്റ്റിനെ കുറിച്ച് എം. എ റഹ്മാന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11. 'പരനിന്ദവീശുന്ന വാളിനാൽ ചൂളിപ്പോകാ-

പരകോടിയിൽ ചെന്ന പാവനദിവ്യസ്നേഹം' - ആശയം വ്യക്തമാക്കുക.

12. 'ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ

വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ' ഇങ്ങനെ പറയാൻ കവിയെ പ്രേരിപ്പിച്ച അനുഭവമെന്ത്?

13. 'കിളിയൊച്ചകളോ തണലോ ഇല്ലാത്ത നാട്ടുവഴിയിലൂടെ അവൾ ഒറ്റക്കു നടക്കുന്നു. ഉള്ളിലെ ചൂടിൽ വെയിൽ ഉഷ്ണമഴയായി പെയ്യുന്നു' ഈ ആത്മഭാഷണത്തിന് 'ഹിംസാടനം' എന്ന നാടകത്തിലെ പ്രസക്തിയെന്ത്?

14. കൊച്ചുമ്മച്ചന്റെ പങ്ക്കശാപ്പ് തകർക്കപ്പെട്ടതെങ്ങനെ?

15. 'പ്രേമലേഖനം' എന്ന നോവലിന്റെ പ്രമേയമെന്ത് ?

16. കൊച്ചുമ്മച്ചൻ പുലർകാലത്ത് കണ്ട സ്വപ്നമെന്ത്?

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17. 'കറുത്തച്ചെട്ടിച്ചികൾ' എന്ന ശീർഷകത്തിന്റെ അർത്ഥതലങ്ങൾ എന്തെല്ലാം?

18. 'പൊന്തൻമാട' എന്ന സിനിമയുടെ പ്രമേയമെന്ത്?

19. പഞ്ചായത്തിന്റെ നടപടിയിൽ നിന്ന് കൊച്ചുമ്മച്ചൻ രക്ഷപ്പെട്ടതെങ്ങനെ?

20. മദാരി പ്രസ്ഥാനം എന്താണ്?

21. 'മറ്റൊരുവിധമായിരുന്നെങ്കിൽ' എന്ന ലേഖനത്തിൽ പരാമർശിക്കുന്ന കവികളും കവിതകളും ഏതൊക്കെയാണ് ?

22. ചേറൂർ പടപ്പാട്ടിനെ കുറിച്ച് കുറിപ്പെഴുതുക.

---

**K20U 3356**

Reg. No.: ................................

Name : ....................................

**I Semester B.C.A./B.S.W./B.Sc.(LRP) Degree CBCSS (OBE)**
**Reg./Sup./Imp. Examination, November 2020**
**(2019 Admn. Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-2 MAL : സാഹിത്യഗണങ്ങൾ**

Time : 3 Hours Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2** എണ്ണത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) അധ്വാനമഹത്വത്തിന്റെയും പാരമ്പര്യഘോഷണ നിഷ്ഫലതയുടെയും ആവിഷ്ക്കാരമാണ് കറുത്തചെട്ടിച്ചികൾ. വിശകലനം ചെയ്യുക.

2) സാമൂഹികവ്യവസ്ഥിതി ആവശ്യപ്പെടുന്ന അധ:സ്ഥിതന്റെ വിധേയത്വമാണ് പൊന്തൻമാടയെന്ന സിനിമയുടെ പ്രമേയം. വിശദീകരിക്കുക.

3) ലാഭം നേടാനുള്ള ഗൂഢപദ്ധതികൾ തനതുഭക്ഷണസംസ്കാരത്തെ തകർക്കുന്ന ചിത്രം ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേഷണങ്ങൾ എന്ന നോവലിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4) ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്ന് എന്ന നോവലിലൂടെ ബഷീർ അവതരിപ്പിച്ച പ്രതിബോധകാവ്യശാസ്ത്രത്തെ വിശദീകരിക്കുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ജീവിതമാധുര്യവും ഗ്രാമസ്മൃതികളും ഒത്തുചേർന്ന കവിതയാണ് ചോറൂണ് – സമർത്ഥിക്കുക.

6) വർത്തമാനകാല ആകുലതകൾ പങ്കുവയ്ക്കുന്ന നാടകമാണ് ഹിംസാടനം – പരിശോധിക്കുക.

7) തന്റെ സന്തോഷത്തിന് നടത്തിയ പങ്കുകശാപ്പിൽ താൻതന്നെ കശാപ്പുചെയ്യപ്പെട്ടിരിക്കുന്നു. കൊച്ചുമ്മച്ചൻ ഇങ്ങനെ ചിന്തിക്കാനിടയാക്കിയ സാഹചര്യമെന്ത് ?

P.T.O.

8) ചുള്ളിക്കാട് അന്നമെന്ന കവിതരചിക്കാനിടയാക്കിയ അനുഭവം വിവരിക്കുക ?

9) ബഷീർക്യതികളുടെ ആഖ്യാനരീതി സൂഫി ആഖ്യാനമാതൃകയുടെ തുടർച്ചയാണെന്നു പറയാൻ കാരണമെന്ത് ?

10) പങ്കുകച്ചവടവുമായി ബന്ധപ്പെട്ട കൊച്ചുമ്മച്ചന്റെ ബാല്യകാലസ്മരണകൾ എന്തെല്ലാം ? (4×3=12)

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) മാതുലാപൊറുത്താലും –
തീർന്നു മാമ്പഴക്കാലം കവി ദു:ഖിക്കാൻ കാരണമെന്ത് ?

12) ഉണ്ണിമറക്കായ്ക പക്ഷേയൊരമ്മതൻ –
നെഞ്ഞിൽനിന്നുണ്ട മധുരമൊരിക്കലും. വ്യാഖ്യാനിക്കുക.

13) ടി. വി. ചന്ദ്രന്റെ സിനിമകളെ പരിചയപ്പെടുത്തുക.

14) ഒരു പരമ്പരാഗത കലാപുനരുജ്ജീവനവാദിക്ക് ഒന്നും പ്രശ്നമല്ലെന്നു തീരുമാനിക്കാൻ കൊച്ചുമ്മച്ചനെ പ്രേരിപ്പിച്ചതെന്ത് ?

15) പങ്കുകശാപ്പിനെ കൊച്ചുമ്മച്ചന്റെ സഹോദരങ്ങൾ ആദ്യം എതിർക്കാൻ കാരണമെന്ത് ?

16) ആത്മീയാന്വേഷണത്തിനായി ഉത്തരേന്ത്യയിലെത്താൻ ബഷീറിനെ പ്രേരിപ്പിച്ച ഘടകങ്ങളേവ ? (4×2=8)

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) വർണ്ണങ്ങൾ ചൊല്ലുകൾ വെവ്വേറെയെങ്കിലും
ഒന്നിച്ചുകൂടിക്കഴിഞ്ഞതാണിന്നിലം – സൂചിതമെന്ത് ?

18) പൊറത്താരേം എനിക്ക് പേടിയില്ല. വ്യംഗ്യമെന്ത് ?

19) കൊച്ചുമ്മച്ചന് സമയം പോകാൻ അലക്സ് കണ്ടുപിടിച്ച ഉപാധിയെന്തായിരുന്നു ?

20) കല്പറ്റ നാരായണന്റെ അഭിപ്രായത്തിൽ ചുള്ളിക്കാടിന്റെ മികച്ച കവിതകളേവ ?

21) അനർഘനിമിഷത്തിലെ സൂഫി ആത്മീയത നിറഞ്ഞ ആദ്യവാക്യമേത് ?

22) പക്ഷിപ്പാട്ട് എന്ന കൃതിയെപ്പറ്റി കുറിപ്പെഴുതുക. (4×1½=6)